# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3729 19.03.2018 ൽ മറുപടിക്ക്

### ബൈപാസ് നിർമ്മാണം നടക്കുന്ന ഭാഗങ്ങളിൽ താല്ക്കാലിക സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ. എം.വിൻസെന്റ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തിരുവനന്തപുരത്ത് ബൈപാസ് നിർമ്മാണം നടക്കുന്ന തിരുവല്ലം മുതൽ കോവളം വരെയുള്ള ഭാഗത്ത് റോഡിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) അപകടം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.എന്നാൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവൃത്തി നടന്നു വരികയാണ്. ഇ.പി.സി. വ്യവസ്ഥയിൽ ഈ പദ്ധതി നടപ്പിലാക്കുവാനുള്ള അതോറിറ്റി എൻജിനീയറും റോഡ് സുരക്ഷ ഉദ്യോഗസ്ഥരും സൈറ്റ് സന്ദർശിച്ച് അപകടസൂചനാ ബോർഡുകൾ സ്ഥാപിച്ച് റോഡ് ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്ന രീതിയിൽ ഉള്ള റോഡ് സുരക്ഷ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മുൻകരുതലുകൾ ഒരുക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അപകടങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | |

| | | |
|---|---|---|
| (സി) | ബൈപാസ് നിർമ്മാണം (സി) പൂർത്തിയാക്കുവാൻ ഇനിയും സമയമെടുക്കുമെന്നതിനാൽ പ്രസ്തുത ഭാഗങ്ങളിൽ താല്ക്കാലിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | അപകടം പരമാവധി ഒഴിവാക്കാൻ കൂടുതൽ സൈൻ ബോർഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ (caution Board) തുടങ്ങിയവ സ്ഥാപിക്കും എന്ന് എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ